(സി) പ്രസ്തുത ചട്ടങ്ങൾ നിലവിൽവന്നാൽ പുതുതായി വൈദ്യുതി കണക്ഷൻ ആവശ്യമുള്ള എല്ലാ ഉപഭോക്താക്കളും അതിനാവശ്യമായ മുഴുവൻ ചെലവും വൈദ്യുതി ബോർഡിന് നൽകേണ്ടതുണ്ടെന്ന വ്യവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർ, കൃഷിക്കാർ തുടങ്ങിയവർക്കൊക്കെ പ്രത്യേക മുൻഗണനയിൽ സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിവന്നിരുന്ന വ്യവസ്ഥകൾ പുതിയ കരട് വ്യവസ്ഥകളിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റഗുലേറ്ററി കമ്മീഷന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സംസ്ഥാനങ്ങളിലെ വിദ്യുച്ഛക്തി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി വിതരണ ചട്ടങ്ങളുടെ (Electricity Supply Code) കരട് രൂപരേഖ തയ്യാറാക്കി പൊതുജനങ്ങളുടെയും തൽപരകക്ഷികളുടെയും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെയും സർക്കാരിന്റെയും അഭിപ്രായത്തിനായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം ഇലക്ട്രിസിറ്റി സപ്ലൈ കോഡ് തയ്യാറാക്കാൻ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ബാധ്യസ്ഥമാണ്.

(സി) ചട്ടങ്ങൾ അംഗീകരിച്ച് വിജ്ഞാപനം വന്നശേഷമേ ഇക്കാര്യങ്ങൾക്ക് വ്യക്തത ലഭിക്കുകയുള്ളു.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

ടൂറിസം മേളകൾ

*27 [85] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സ്വദേശ/വിദേശ ടൂറിസം മേളകളിൽ കേരളം ഇപ്പോൾ പങ്കെടുക്കുന്നുണ്ട്;

(ബി) പുതിയ ഏതെങ്കിലും ടൂറിസം മേളകളിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത്;

(സി) ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) താഴെപ്പറയുന്ന സ്വദേശ/വിദേശ ടൂറിസം മേളകളിൽ കേരളം ഇപ്പോൾ പങ്കെടുക്കുന്നുണ്ട്:

സ്വദേശമേളകൾ

1. ട്രാവൽ ടൂറിസം ഫെയർ, ചെന്നൈ, ബാഗ്ലൂർ, ഹൈദരാബാദ്, ന്യൂഡൽഹി, മുംബൈ
2. ഇൻഡ്യ ട്രാവൽമാർട്ട്, മുംബൈ, അഹമ്മദാബാദ്, ജയ്പൂർ
3. ഇൻഡ്യ ഇന്റർനാഷണൽ ട്രാവൽമാർട്ട്, ബാഗ്ലൂർ, ചെന്നൈ, ഹൈദരാബാദ്, മുംബൈ
4. ഇൻഡ്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ന്യൂഡൽഹി
5. സൗത്ത് ഏഷ്യ ട്രാവൽ & ടൂറിസം എക്സ്ചേഞ്ച്, ന്യൂഡൽഹി.

വിദേശമേളകൾ

1. ഫിത്തൂർ ടൂറിസം മേള, സ്പെയിൻ
2. ബോഴ്സ് ഇന്റർനാഷണൽ ടൂറിസം (BIT), മിലാൻ
3. ഐ. റ്റി. ബി., ബർലിൻ
4. മോസ്കോ ഇന്റർനാഷണൽ ട്രാവൽ & ടൂറിസം
5. ഹൂസ്റ്റൺ ഇന്റർനാഷണൽ ഫെസ്റ്റിവൽ
6. അറേബ്യൻ ട്രാവൽമാർട്ട്, ദുബായ്
7. വേൾഡ് ട്രാവൽ മാർട്ട്, ലണ്ടൻ
8. ചൈന ഇന്റർനാഷണൽ ട്രാവൽ മാർട്ട്
9. പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷൻ ട്രാവൽ മാർട്ട്
10. ഏഷ്യാ പസഫിക് ഇൻസന്റീവ് & മീറ്റിംഗ് എക്സ്പോ (AIME), ആസ്ട്രേലിയ

(ബി) മേൽപ്പറഞ്ഞവയിൽ ഫിത്തൂർ, മിലാൻ, ആസ്ട്രേലിയ, മോസ്കോ, ഹൂസ്റ്റൺ തുടങ്ങിയവ മുമ്പ് പങ്കെടുത്തിട്ടില്ലാത്ത മേളകളാണ്.

(സി) ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ധന സഹായം നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly